"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/56/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-03-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പ്രവൃത്തികളുടെ നിർവഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഡിഎ1/168/2021-തസ്വഭവ നമ്പർ സർക്കുലർ; തീയതി 07.08.2021
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ 3.13 നമ്പർ തീരുമാനം

**********************

പല തദ്ദേശ ഭരണ സ്ഥാപനങ്ങളും വിവിധ പ്രവൃത്തികളുടെ നിർവഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കാറുണ്ട്. ധനവകുപ്പിന്റെ ഉത്തരവിലെ ബിഡ്ഡിംഗ് / ലിമിറ്റഡ് ടെണ്ടർ പോലുള്ള നടപടി ക്രമങ്ങൾ പാലിച്ചല്ല പലപ്പോഴും ഇത്തരം ഏജൻസികളെ തെരഞ്ഞെടുക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്. സൂചിത സർക്കുലർ പ്രകാരം മുൻ കോ-ഓർഡിനേഷൻ കമ്മിറ്റികളിൽ നിർദ്ദേശിച്ചതുപോലെ പി.എം.സി, നോൺ പി.എം.സികൾ മുഖേന പ്രവർത്തികൾ നിർവ്വഹണം നടത്തുമ്പോൾ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ഒപ്പം ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം പി.എം.സി, നോൺ പി.എം.സി അംഗീകാരം ഏതു തരം പ്രവർത്തികൾക്കാണെന്ന് പരിശോധിച്ച് അത്തരം പ്രവർത്തികളുടെ നിർവ്വഹണത്തിനു മാത്രമേ ഈ ഏജൻസികളെ തെരഞ്ഞെടുക്കാവൂ. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്തമാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 15-03-2022 11:04:28**

സെക്ഷൻ ഓഫീസർ.